## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3676

20.06.2018 – ൽ മറുപടിക്ക്

# ഇ-പോസ് സംവിധാനത്തിൽ റേഷൻ വിതരണം തടസ്സപ്പെടൽ

ചോദ്യം

**ശ്രീ. എം. സ്വരാജ് :**

ഇ-പോസ് സംവിധാനത്തിൽ തടസ്സങ്ങൾ ഉണ്ടായതു കാരണം റേഷൻ ലഭിക്കാത്തവർക്ക് അത് നൽകുന്നതിന് കൂടുതൽ സമയം അനുവദിക്കുമോ?

ഉത്തരം

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

സംസ്ഥാനത്ത് നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ മറ്റെല്ലാ കടകളിലും മെഷീനുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. കണക്ടിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തിരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേട്ടു വന്ന മെഷീനുകൾ മാറ്റി അടിയന്തിരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്. ചില സമയങ്ങളിൽ നെറ്റ്‌വർക്ക് തടസ്സം അനുഭവപ്പെടുന്നുണ്ടെങ്കിലും റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

*സെക്ഷൻ ഓഫീസർ*